**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1042** **30-06-2022 - ൽ മറുപടിയ്ക്ക്**

**പിണ്ടിമന പഞ്ചായത്തിൽ പൊതുകളിസ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ പിണ്ടിമന പഞ്ചായത്തിൽ പെരിയാർവാലി ഇറിഗേഷൻ പ്രൊജക്ടിന്റെ വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം, പൊതുകളിസ്ഥലം നിർമ്മിക്കുന്നതിനായി പഞ്ചായത്തിന് വിട്ടുനൽകണമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പ്രസ്തുത സ്ഥലം ജലസേചനവകുപ്പിന്റെ ഉടമസ്ഥതയിൽ തന്നെ നിലനിർത്തിക്കൊണ്ട് കളിസ്ഥലം നിർമ്മിക്കുവാൻ പഞ്ചായത്തിന് അനുമതി നൽകാമെന്ന ഉദ്യോഗസ്ഥതല റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (ബി) | ലഭിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | (സി) | പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് പര്യാപ്തമല്ലാത്ത തിനാൽ സ്ഥലത്തിന്റെ ലഭ്യത സംബന്ധിച്ചും, വകുപ്പിന്റെ ഭാവി ആവശ്യങ്ങൾക്കനുസരിച്ചും വിശദമായ റിപ്പോർട്ട് നൽകുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത സ്ഥലം ഉപയോഗശൂന്യമായി കിടക്കുന്നതും പല ആവശ്യങ്ങൾക്കായി നാട്ടുകാർ ഉപയോഗിച്ച് വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | അവിടെ പൊതുകളിസ്ഥലം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് നൽകിയിട്ടുള്ള അപേക്ഷയിൽ അനുകൂല തീരുമാനം കൈക്കൊള്ളുമോ എന്നറിയിക്കാമോ ? | (ഇ) | വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ